61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 640 Participant Code: 110

# വലക്കണ്ണികൾ

## പാതി വെന്ത മുഖം

"അമ്മേ, ഞാൻ ഇറങ്ങുവാ" ഉമ്മറത്തുനിന്ന ഹരി വിളിച്ചു പറഞ്ഞു. "ആ... മോനേ..... എല്ലാം എടുത്തിട്ടുണ്ടല്ലോ അല്ലേ?" വീടിനകത്തുനിന്ന് അമ്മ ചോദിച്ചു. "ആം... എല്ലാം എടുത്തിട്ടുണ്ട്." ബൈക്ക് സ്റ്റാർട്ട് ചെയ്യുന്നതിനിടയിൽ ഹരി മറുപടി പറഞ്ഞു. "ആ ഹെൽമെറ്റ് വെച്ചിട്ട് പോടാ. പിന്നെ ഒരുപാട് സ്പീടിലൊന്നും പോകണ്ട, കേട്ടോ?" അമ്മ പറഞ്ഞു. "ഓ... ഈ അമ്മയ്ക്കിതെന്താ?... ഹരിയേട്ടന് അതൊക്കെ അറിയാം. ലെയ്റ്റായി ഓഫിസിലെത്തിയിട്ട് വേണം ആ സാറിന്റെ വഴക്കു കേൾക്കാൻ!" ഉമ്മറത്തുനിന്നുകൊണ്ട് ശീതൾ ഒരു പുച്ഛത്തോടെ അമ്മയെനോക്കി പറഞ്ഞു. "വെറുതെ സമയം കളയാനായിട്ട്! ഹരിയേട്ടൻ വേഗം പോകാൻ നോക്ക്" അവൾ കൂട്ടിച്ചേർത്തു. അമ്മ തിരിച്ചൊന്നും പറഞ്ഞില്ല. ഹരി അവരിരുവരെയും ഒന്ന് നോക്കിയ ശേഷം ബൈക്കുമായി അവിടെനിന്നും പുറപ്പെട്ടു.

* * * * * * * *

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

"അമ്മയെന്താ ഇപ്പോൾ ഇങ്ങനെയൊക്കെ ?!... എന്നോടുള്ള കരുതൽ മൂലമാണെന്നറിയാം. എന്നിരുന്നാലും പഴയ-പോലെ ഒരു കൊച്ചുകുട്ടിയൊന്നുമല്ലല്ലോ ഞാൻ! ഇപ്പോൾ എനിക്കൊരു ഭാര്യയും ഇല്ലേ ?" ഇങ്ങനെയുള്ള ചില ചിന്തകൾ മനസ്സിൽ മിന്നിമറഞ്ഞുകൊണ്ടിരിക്കേ, ഒരു മൈൽ ദൂരം താണ്ടിയതവനറിഞ്ഞിരുന്നില്ല.

* * * * * * * *

"എടാ, എത്ര നാളുകളായി നീ പറയുന്നു എന്റെ വീട്ടിലേക്ക് ഒരിക്കൽ വരാമെന്ന് ?!... എന്നിട്ട് എന്തിനാ ഇത്രയും വൈകിക്കുന്നത് ?" ഓഫീസിൽ ചില ഫൈ-ലുകൾ ക്ലിയർ ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഹരി തന്റെ സുഹൃത്തായ കാർത്തിക്കിനോട് ചോദിച്ചു.
"സാഹചര്യം ഒത്തുകിട്ടേണ്ടേടാ...! ഭാര്യയെയും കൂട്ടി ഒരു ദിവസം ഉറപ്പായും ഞാൻ വരാം" മനസ്സില്ലാമനസ്സോടെ കാർത്തിക് മറുപടി പറഞ്ഞു.

"ഒരുപക്ഷേ, അമ്മ കാരണമായിരിക്കുമോ അവൻ അങ്ങനെ പറഞ്ഞത് ?" ഇതുവരെയില്ലാത്ത ചില ചിന്തകൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവന്റെ മനസ്സിൽ വേരെടുക്കാൻ തുടങ്ങി.

* * * * * * *

സമയം ഉച്ചകഴിഞ്ഞിരിക്കുന്നു. ഹാളിൽ ഒരുമിച്ചിരുന്ന് ടെലിവിഷൻ പ്രോഗ്രാം കാണുന്നതിനിടയിൽ ശീതൾ അമ്മയോട് പറഞ്ഞു:

"അമ്മ... എനിക്കൊരു കാര്യം പറയാനുണ്ട്"

"എന്താ മോളേ ?.. പറഞ്ഞോളൂ.."

"ഇന്ന് എന്റെ സുഹൃത്ത് മീര ഇവിടേക്ക് വരുന്നുണ്ട്"

"ആഹാ...! ആ മോൾ ഇവിടെ വന്നിട്ട് കുറെ ആയല്ലോ..."

"ആ... അതെ. പിന്നെ, എനിക്കൊരു കാര്യം ചോദിക്കാനു-ണ്ടായിരുന്നു" ഒരു പരുങ്ങലോടെ ശീതൾ പറഞ്ഞു.

അവളുടെ ചോദ്യത്തിനായി അമ്മ മൗനം പാലിച്ചു.

"അത് പിന്നെ... അവളിവിടേക്ക് വരുമ്പോൾ അമ്മയ്ക്ക് ഇവിടെനിന്ന് കുറച്ച് സമയത്തേക്ക് മാറി നിൽക്കാൻ സാധി-ക്കുമോ ? അപ്പുറത്തെ മുറിയിൽ ഇരുന്നാലും മതി".

ശീതളിന്റെ പെട്ടെന്നുള്ള ഈ ചോദ്യം കേട്ടപ്പോൾ ആ അമ്മയുടെ മനസ്സ് ഒന്നിടറി. തന്റെ മരുമകളിൽ നിന്നും ഇങ്ങനെയൊരു കാര്യം കേൾക്കേണ്ടി വന്ന ആ അമ്മയുടെ ഉള്ളൊന്ന് പിടഞ്ഞുവെങ്കിലും

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവസാനം മക്കളുടെ ആവശ്യത്തിനു വഴങ്ങി.

* * * * * *

"എന്തിനാണ് എന്റെ മക്കൾ എന്നോട് ഇങ്ങനെയൊക്കെ
പെരുമാറുന്നത് ? ഞാൻ എന്ത് തെറ്റ് ചെയ്തിട്ടാണ് ?
അന്ന്... ആ കുടിൽ കത്തിയെരിഞ്ഞ ദിവസം എനിക്ക്
എന്റെ ഈ മുഖത്തിന്റെ പാതി നഷ്ടപ്പെട്ടു. അന്ന്
ഞാൻ അത് ചെയ്തില്ലായിരുന്നുവെങ്കിൽ... ഇന്ന്...
എന്റെ മകൻ ഇവിടെ.... ഇങ്ങനെ.... ഏയ് ഇല്ല,
അതിനെക്കുറിച്ച് ചിന്തിക്കാൻ പോലും എനിക്ക് കഴി-
യുന്നില്ല. അന്ന്... ആ അപകടത്തിൽ എനിക്ക് നഷ്ട-
പ്പെട്ട എന്റെ മുഖത്തിന്റെ പാതിയുടെ പേരിൽ ഇന്ന്
എന്റെ മക്കൾക്ക് ഞാൻ ഒരു ബാധ്യതയാകുമെന്ന്
ഒരിക്കൽപോലും കരുതിയില്ല ഞാൻ.... അവർക്ക് ഒരു
ഭാരമാണെങ്കിൽ എന്തിനാണ് ഞാനവരെ ബുദ്ധിമുട്ടി-
പ്പിക്കുന്നത് ?....." ഉള്ളിലൊതുക്കിവെച്ച സങ്കടങ്ങളെല്ലാം
ഒരു പേമാരിയെന്ന വണ്ണം ആ അമ്മയുടെ മിഴികളിൽ
നിന്നും ഒഴുകുവാൻ തുടങ്ങി.

* * * * *

Item Code: 640 Participant Code: 110

സൂര്യൻ കടലിൽ മറിച്ചുവീണിരിക്കുന്നു. ഓഫീസിൽ നിന്നും ഹരി മടങ്ങി വരുന്ന സമയം. ഉമ്മറത്ത് ഹരിയെയും കാത്ത് ശീതൾ ഇരുപ്പുണ്ടായിരുന്നു. അൽപസമയത്തെ കാത്തിരിപ്പിനൊടുവിൽ അവൻ അവൾക്കുമുമ്പിൽ പ്രത്യക്ഷനായി.

"ഹരിയേട്ടാ, ഒന്ന് മുറിയിലേക്ക് വരാമോ? എനിക്ക് കുറച്ച് കാര്യങ്ങൾ സംസാരിക്കാനുണ്ട്" ഹരിയെ കണ്ട ശീതൾ അവനോടായ് പറഞ്ഞു.

അൽപസമയത്തിനകം അവൻ മുറിയിലേക്ക് ചെന്നു.

"എന്താ പറയാനുള്ളത്?" അവൻ ചോദിച്ചു. അവൾ ഇന്ന് നടന്ന കാര്യങ്ങളെല്ലാം അവനോട് പറഞ്ഞു. നീണ്ടചില ആലോചനകൾക്കൊടുവിൽ അമ്മയെ ഇവിടെനിന്നും മാറ്റിപാർപ്പിക്കാൻ അവരിരുവരും തീരുമാനിക്കുന്നു.

* * * * *

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

അൽപനാളുകൾക്ക് ശേഷം.

തന്റെ മക്കൾക്ക് താനൊരു ബാധ്യതയായി എന്ന് മനസ്സിലാക്കിയ ആ അമ്മ അവിടെ നിന്ന് അൽപം അകലെയുള്ള തന്റെ പൂർവ്വ സുഹൃത്തായ സുജ്ജിയുടെ വീട്ടിലേക്ക് താമസം മാറുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം.

"സുമനേ, എണീക്ക്, നമുക്ക് ഹോസ്പിറ്റലിൽ പോകാം. എത്രനാളായി ഞാൻ പറയുന്നു! നിനക്ക് തീരെ വയ്യല്ലോ!" ആശങ്കപൂർവ്വം സുജ്ജി പറഞ്ഞു.

"ഓ.. അതൊന്നും വേണ്ട. അവരതുമിതും പറഞ്ഞ് കുറേ ടെസ്റ്റുകളും സ്കാനിംങും നടത്തും. അതിനൊക്കെ വലിയ ചിലവാകും" ഇടറിയ സ്വരത്തോടെ സുമന മറുപടി പറഞ്ഞു.

ഇതേസമയം മറ്റൊരിടത്ത്,

ഓഫീസിൽ ചില പെൻഡിംങ് വർക്കുകൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു ഹരി. പെട്ടന്നാണ്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവനൊരു നെഞ്ചുവേദന അനുഭവപ്പെട്ടത്. ആളുകൾ ചേർന്ന് അവനെ ഹോസ്പിറ്റലിൽ എത്തിച്ചു. എന്നാൽ ഡോക്ടർ പറഞ്ഞതുകേട്ട് ശീതളിന്റെ ഹൃദയം തകർന്നു. എന്ത് ചെയ്യണമെന്നറിയാതെ അവൾ പൊട്ടിക്കരയാൻ തുടങ്ങി. അപ്പോഴാണ് അവളുടെ അരികിലേക്ക് ഒരാൾ കടന്നുവന്നത്. കാര്യം തിരക്കിയ സുജിയോട് അവൾ വിവരമറിയിച്ചു. വിവരമറിഞ്ഞ സുജി വാർഡിൽ കിടക്കുകയായിരുന്ന സുമനയുടെ അരികിലേക്ക് ചെന്നു. അവളോട് ഇതെങ്ങനെ പറയണമെന്ന് അവൾക്കറിയില്ലായിരുന്നു.

"എന്തുപറ്റി സുജി ? എന്താ മുഖം വല്ലാതെയിരിക്കുന്നെ ?" സുമന ചോദിച്ചു.
"അത് പിന്നെ... ഹരി... അവന്..."
"ഹരിയോ ? അവനെന്തുപറ്റി ?" ആശങ്കയോടെ സുമന ചോദിച്ചു. നടന്നതെല്ലാം ഒരു വീർപ്പുമുട്ടലോടെ സുജി അവളോട് പറഞ്ഞു. വിവരമറിഞ്ഞ ആ അമ്മയ്ക്ക് തന്റെ ശ്വാസം നിലച്ചതുപോലെ തോന്നി. താനിപ്പോൾ കേട്ടത് ഉൾക്കൊള്ളാൻ അവൾക്കു കഴിഞ്ഞിരുന്നില്ല. പൊട്ടിക്കരയാൻ തുടങ്ങി ആ അമ്മ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അൽപനേരത്തെ നിശബ്ദതയ്ക്കു ശേഷം നിറമിഴികളോടെ ആ അമ്മ പറഞ്ഞു :

" ഞാൻ കൊടുക്കും എന്റെ ഹൃദയം ..... എന്റെ മകന്! എന്റെ ജീവന്റെ പാതിയാണവൻ ! അവനുവേണ്ടി എന്തും ചെയ്യാൻ എനിക്ക് പൂർണ്ണസമ്മതമാണ്. അവന്റെ സിരകളിലോടുന്നത് എന്റെ രക്തമാണ്. എന്റെ അവസാന സമ്മാനമായി ഞാൻ കൊടുക്കു-കയാണ് അവന് ..... എന്റെ ഹൃദയം"

അതായിരുന്നു ആ അമ്മയുടെ അവസാന വാക്കുകൾ.

* * * * *

ബോധം വന്ന ഹരിയുടെ അരികിലേക്ക് സുജി ചെന്നു. സുജിയെ കണ്ടപ്പോൾ ഹരി ചോദിച്ചു,

" അമ്മ എവിടെ?

" നിന്റെ അമ്മ നമ്മളെയൊക്കെവിട്ട് ..... ആർക്കും എത്തിച്ചേരാൻ കഴിയാത്ത ഒരിടത്തേക്ക് പോയി. നിനക്ക് വേണ്ടി ഒരിക്കൽക്കൂടി അവൾ അവളുടെ ജീവൻ ബലി നൽകി. നിന്റെയീ ഇടിക്കുന്ന ഹൃദയം

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അവളുടേതാണ്. നിന്റെ അമ്മയുടെ.!"
താൻ ഇപ്പോൾ കേട്ടത് സത്യമാണോ എന്ന് പോലും അവന് ചിന്തിക്കാൻ കഴിഞ്ഞില്ല. അവന്റെ ചുറ്റിലുമുള്ളതെല്ലാം പെട്ടന്ന് നിശ്ചലമായതുപോലെ അവനു തോന്നി. എല്ലാം... എന്നന്നേക്കുമായി അവസാനിച്ചു... എന്നപോലെ. അവന് നഷ്ടമായത് അവന്റെ അമ്മയെയാണ്. ചോറ് വേണ്ട എന്നുപറഞ്ഞ് വാശി പിടിച്ചിരുന്നപ്പോൾ ഒരു മടിയും കൂടാതെ, വാരിത്തന്ന അവന്റെ അമ്മ! താരാട്ടു പാടി ഉറക്കിയ അവന്റെ അമ്മ! രാവും പകലുമില്ലാതെ വീടുകൾ കയറി അവനു വേണ്ടി കഷ്ടപ്പെട്ട അവന്റെ അമ്മ! അവന്റെ ജീവിതത്തിലെ വലക്കണ്ണിയായിരുന്നു അവന്റെ അമ്മ... അമ്മയുണ്ടായിരുന്നപ്പോൾ അവനറിഞ്ഞിരുന്നില്ല അമ്മയുടെ വില!

"കാലം മറക്കില്ല ആ അമ്മയുടെ ത്യാഗത്തിന്റെ കഥ... ...സ്നേഹത്തിന്റെ കഥ...." ഈ വാക്കുകൾ അവന്റെ കാതുകളിൽ പ്രതിധ്വനിച്ചുകൊണ്ടേയിരുന്നു... അന്ത്യമില്ലാതെ......